# ഓണം വാരാഘോഷം-2019

## ഗ്രീൻ പ്രോട്ടോകോൾ നിർദ്ദേശങ്ങൾ

### മീഡിയാ & പബ്ലിസിറ്റി കമ്മിറ്റി

ഓണം വാരാഘോഷവുമായി ബന്ധപ്പെട്ട എല്ലാ പ്രചരണ പരിപാടികളും തികച്ചും ഗ്രീൻ പ്രോട്ടോകോൾ പാലിച്ച് കൊണ്ട് പ്രകൃതി സൗഹൃദമായി നടത്തേണ്ടതാണ്. ആയതിനുള്ള നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

- ഓണം വാരാഘോഷവുമായി ബന്ധപ്പെട്ട എല്ലാ കമ്മറ്റികൾക്കും ഗ്രീൻ പ്രോട്ടോകോൾ പാലിക്കുന്നതിനുള്ള നിർദ്ദേശം നൽകാവുന്നതാണ്.
- പ്രചരണത്തിനായി പ്രകൃതി സൗഹൃദ വസ്തുക്കളാൽ നിർമ്മിക്കുന്ന ബാനറുകൾ, ഹോർഡിങ്ങുകൾ, കമാനങ്ങൾ എന്നിവ ഉപയോഗിക്കാവുന്നതാണ്.
- ഓണാഘോഷവേദികളിൽ പൊതു ജനങ്ങൾ ഡിസ്പോസിബിൾ വസ്തുകൾ കൊണ്ട് വരുന്നത് ഒഴിവാക്കുന്നതിനും ഗ്രീൻ പ്രോട്ടോകോൾ പാലിക്കുന്നതിനും മാധ്യമങ്ങൾ വഴിയും ലഘുലേഖകൾ വഴിയും പ്രചാരണം നൽകുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്.
- ഗ്രീൻപ്രോട്ടോകോൾ പ്രചരണത്തിനായി പ്രത്യേകം ഹോർഡിങ്ങുകൾ, ലഘു വീഡിയോകൾ, ബ്രോഷറുകൾ എന്നിവ പ്രത്യേകം തയ്യാറാക്കി വിതരണം ചെയ്യാവുന്നതാണ്.
- ഗ്രീൻപ്രോട്ടോകോൾ പ്രചരണത്തിന് ഗ്രീൻപ്രോട്ടോകോൾ കമ്മറ്റി ചെയർമാൻ, കൺവീനർ എന്നിവരെ ഉൾപ്പെടുത്തി പ്രത്യേക പത്രസമ്മേളനം സംഘടിപ്പിക്കാവുന്നതാണ്.

ഡയറക്ടർ(ഓപ്പറേഷൻസ്)
എക്സിക്യൂട്ടീവ് ഡയറക്ടർക്കു വേണ്ടി